NATIONAL DAIRY DEVELOPMENT BOARD

# കന്നുകാലികളിൽ മുഖ്യമായി കാണപ്പെടുന്ന രോഗങ്ങൾക്കുള്ള പാരമ്പര്യ ചികിത്സാ വിധിക്രമങ്ങൾ













TDU
INSTITUTE OF TRANSDISCIPLINARY HEALTH SCIENCES & TECHNOLOGY

# അകിടുവീക്കം



കറ്റാർവാഴ





മഞ്ഞൾ പൊടി



നാരങ്ങ



ചുണ്ണാമ്പ്

## ജലം ആധാരമാക്കിയ മിശ്രിതം

**ചേരുവകൾ** (ഒരു ദിവസത്തേക്ക്):

a. കറ്റാർവാഴ പോള (തോൽ ഉൾപ്പടെ) - 250 ഗ്രാം; b. മഞ്ഞൾ പൊടി - 50 ഗ്രാം; c. കാൽസ്യം ഹൈഡ്രോക്സൈഡ് (ചുണ്ണാമ്പ്) - 15 ഗ്രാം; d. നാരങ്ങ - 6 എണ്ണം

**തയ്യാറാക്കേണ്ട വിധം :**

(i) മുള്ള് മാറ്റിയതിന് ശേഷം കറ്റാർവാഴ പോള(തോൽ ഉൾപ്പടെ) ചെറിയ കഷണങ്ങൾ ആയി മുറിക്കുക. (ii) മഞ്ഞൾ പൊടിയും ചുണ്ണാമ്പും ചേർത്ത് ചുവന്ന നിറമുള്ള കുഴമ്പ് രൂപത്തിലേക്കു അരച്ച് എടുക്കുക.

**ചികിത്സാരീതി:**

(i) അകിട് നന്നായി കഴുകിയ ശേഷം എല്ലാ കാമ്പിൽ നിന്നും (അസുഖം ഇല്ലാത്തതുൾപ്പടെ) മുഴുവൻ പാൽ കറന്നെടുക്കുക.

(ii) അരച്ചു വെച്ച കുഴമ്പ് ഒരു കൈ പിടി എടുത്തു അതിലേക്കു 200 മി.ലി. വെള്ളം ചേത്ത് യോജിപ്പിക്കുക. (iii) ഈ മിശ്രിതം അകിടിന്റെ എല്ലാ വശങ്ങളിലും വൃത്താകൃതിയിൽ സമർദ്ദം ചെലുത്തി തേച്ചു പിടിപ്പിക്കുക. ദിവസേന 10 നേരം എന്ന കണക്കിൽ 5 ദിവസത്തേക്കു ആവർത്തിക്കുക. ഓരോ തവണയും മരുന്ന് തേച്ച് പിടിപ്പിക്കുന്നതിനു മുൻപ് അകിട് കഴുകി എല്ലാ കാമ്പുകളിൽ നിന്നും മുഴുവനും പാൽ കറന്ന് എടുക്കുക.
(iv) ഓരോ ദിവസത്തെ അവസാനത്തെ ചികിത്സക്ക് മരുന്ന് 200 മി.ലി. കടുകെണ്ണയിലോ നല്ലെണ്ണയിലോ ചേർത്തെടുക്കുക.
(v) ദിവസേന 2 നാരങ്ങാ വീതം (രണ്ടായി മുറിച്ച്) 3 നേരം 3 ദിവസത്തേക്ക് നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# അകിടുവീക്കം



കറ്റാർവാഴ





കടുകെണ്ണ
അല്ലെങ്കിൽ
നല്ലെണ്ണ



നാരങ്ങാ



ചുണ്ണാമ്പ്



മഞ്ഞൾ പൊടി

## എണ്ണ ആധാരമാക്കിയ മിശ്രിതം

**ചേരുവകൾ** (ഒരു ദിവസത്തേക്ക്):

a. കറ്റാർവാഴ പോള (തോൽ ഉൾപ്പടെ) - 250 ഗ്രാം; b. മഞ്ഞൾ പൊടി - 50 ഗ്രാം; c. കാൽസ്യം ഹൈഡ്രോക്സൈഡ് (ചുണ്ണാമ്പ്)- 15 ഗ്രാം; d. നാരങ്ങ - 6 എണ്ണം; e. കടുകെണ്ണ അല്ലെങ്കിൽ നല്ലെണ്ണ - 600 മി.ലി.

**തയ്യാറാക്കേണ്ട വിധം :**

(i) മുള്ള് മാറ്റിയതിന് ശേഷം കറ്റാർവാഴ പോള(തോൽ ഉൾപ്പടെ) ചെറിയ കഷണങ്ങൾ ആയി മുറിക്കുക.(ii) മഞ്ഞൾ പൊടിയും ചുണ്ണാമ്പും ചേർത്ത് ചുവന്ന നിറമുള്ള കുഴമ്പ് രൂപത്തിലേക്കു അരച്ച് എടുക്കുക.

**ചികിത്സാരീതി:**

(i) അകിട് നന്നായി കഴുകി തുടച്ച് ഉണക്കിയ ശേഷം എല്ലാ കാമ്പിൽ നിന്നും (അസുഖം ഇല്ലാത്തതുൾപ്പെടെ) മുഴുവൻ പാൽ കറന്നെടുക്കുക. (ii) അരച്ചു വെച്ച കുഴമ്പ് ഒരു കൈ പിടി എടുത്തു അതിലേക്കു 200 മി.ലി. കടുകെണ്ണ അല്ലെങ്കിൽ നല്ലെണ്ണ ചേർത്ത് യോജിപ്പിക്കുക. (iii) ഈ മിശ്രിതം അകിടിന്റെ എല്ലാ വശങ്ങളിലും വൃത്താകൃതിയിൽ സമർദ്ദം ചെലുത്തി തേച്ചു പിടിപ്പിക്കുക. ദിവസേന 3 നേരം എന്ന കണക്കിൽ 5 ദിവസത്തേക്കു ആവർത്തിക്കുക. ഓരോ തവണയും മരുന്ന് തേച്ച് പിടിപ്പിക്കുന്നതിനു മുൻപ് അകിട് കഴുകി തുടച്ച് എല്ലാ കാമ്പുകളിൽ നിന്നും മുഴുവനും പാൽ കറന്ന് എടുക്കണം. (iv) ദിവസേന 2 നാരങ്ങാ വീതം (രണ്ടായി മുറിച്ച്) 3 നേരം 3 ദിവസത്തേക്ക് നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# കാമ്പ് അടഞ്ഞു പോകൽ


ആര്യ വേപ്പിന്റെ തണ്ട്




മഞ്ഞൾ പൊടി


വെണ്ണ

അല്ലെങ്കിൽ


നെയ്യ്

**ചേരുവകൾ :**

പുതുതായി പറിച്ച വൃത്തിയുള്ള ആര്യവേപ്പിലത്തണ്ട്; മഞ്ഞൾപ്പൊടി; വെണ്ണ അല്ലെങ്കിൽ നെയ്യ്

**തയ്യാറാക്കേണ്ട വിധം :**

(i) കാമ്പിന്റെ നീളത്തിനനുസരിച്ച് ആര്യവേപ്പിന്റെ തണ്ട് മുറിച്ചെടുക്കുക (ഞെട്ട് ഉള്ള ഭാഗം മുറിക്കരുത്). (ii) മുറിച്ചെടുത്ത തണ്ട് മഞ്ഞളും വെണ്ണയോ നെയ്യോ ചേർത്ത മിശ്രിതത്തിൽ മുക്കിയെടുക്കുക. (iii) അടഞ്ഞു പോയ മുലകാമ്പ് വൃത്തിയാക്കുക.

**ചികിത്സാരീതി :**

(i) അടഞ്ഞു പോയ കാമ്പിലേക്ക് തയ്യാറാക്കി വച്ചിരിക്കുന്ന ഇലത്തണ്ട് അപ്രദക്ഷിണ ദിശയിൽ (മുറിച്ച അറ്റം മുകളിൽ ഞെട്ടി താഴെ) കയറ്റുക. (ii) ഓരോ കറവയ്ക്കു ശേഷവും പുതിയ തണ്ട് ഉപയോഗിക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# അകിടുനീര്



കടുകെണ്ണ / നല്ലെണ്ണ





മഞ്ഞൾ പൊടി



വെളുത്തുള്ളി

**ചേരുവകൾ** (ഒരു നേരത്തേക്ക്):

നല്ലെണ്ണ അല്ലെങ്കിൽ കടുകെണ്ണ - 200 മി.ലി.; മഞ്ഞൾ പൊടി - ഒരു കൈ പിടി; വെളുത്തുള്ളി - 2 അല്ലി.

**തയ്യാറാക്കേണ്ട വിധം :**

(i) എണ്ണ ചൂടാക്കി അതിലേക്ക് മഞ്ഞൾപ്പൊടിയും വെളുത്തുള്ളി അരിഞ്ഞതും ചേർക്കുക.

(ii) ചേരുവകൾ നന്നായി ഇളക്കുക. ചേരുവകളുടെ മണം വരുമ്പോൾ തീയിൽ നിന്നും വാങ്ങുക (തിളക്കേണ്ട ആവശ്യമില്ല).

(iii) തണുക്കാൻ അനുവദിക്കുക.

**ചികിത്സാരീതി:**

(i) നീരുള്ള ഭാഗത്തും അകിട് മൊത്തത്തിലും ഈ മിശ്രിതം വൃത്താകൃതിയിൽ നന്നായി തിരുമ്മി തേച്ചു പിടിപ്പിക്കുക.

(ii) ദിവസേന 4 നേരം എന്ന് നിരക്കിൽ മൂന്ന് ദിവസം ആവർത്തിക്കുക.

കുറിപ്പ് :

ഈ ചികിത്സ പ്രയോഗിക്കും മുമ്പേ അകിടുവീക്കം ഇല്ല എന്ന് ഉറപ്പു വരുത്തുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# ചെന പിടിക്കാതിരിക്കുക



മുള്ളങ്കി



കറ്റാർവാഴ






ചങ്ങലംപെരണ്ട




മുരിങ്ങയില



ശർക്കര



കറിവേപ്പില



ഉപ്പ്



മഞ്ഞൾ പൊടി

**ചികിത്സാരീതി:**

(i) മദി ലക്ഷണം കാണിക്കുന്ന ആദ്യത്തേയോ രണ്ടാമത്തേയോ ദിവസം ചികിത്സ ആരംഭിക്കുക.

(ii) ദിവസേന ഒരു നേരം ഉപ്പും ശർക്കരയും ചേർത്തു താഴെ കൊടുത്തിരിക്കുന്ന ക്രമത്തിൽ നൽകുക.

(a) വെള്ള മുള്ളങ്കി ദിവസേന ഒന്ന് വീതം 5 ദിവസത്തേക്ക്.

(b) ശേഷം ദിവസേന കറ്റാർവാഴ പോള ഒന്ന് വീതം 4 ദിവസത്തേക്ക്.

(c) ശേഷം 4 കൈ പിടി മുരിങ്ങ ഇല 4 ദിവസത്തേക്ക്.

(d) ശേഷം 4 കൈ പിടി ചങ്ങലംപെരണ്ട തണ്ട് 4 ദിവസത്തേക്ക്.

(e) ശേഷം 4 കൈ പിടി കറിവേപ്പില (5 ഗ്രാം മഞ്ഞൾ ചേർത്ത്) 4 ദിവസത്തേക്ക്.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# മറുപിള്ള വീഴാതിരിക്കുക



മുള്ളങ്കി





വെണ്ടക്ക



ശർക്കര



ഉപ്പ്

**ചേരുവകൾ:**

വെള്ള മുള്ളങ്കി- 1; വെണ്ടക്ക- 1.5 കി. ഗ്രാം; ശർക്കര- ആവശ്യത്തിന്; ഉപ്പ്- ആവശ്യത്തിന്.

**തയ്യാറാക്കേണ്ട വിധം:**

(i) വെണ്ടക്ക രണ്ടായി മുറിച്ച് വെയ്ക്കുക.

**ചികിത്സാരീതി:**

(i) പ്രസവിച്ച് രണ്ടു മണിക്കൂറിനുള്ളിൽ ഒരു മുള്ളങ്കി ശർക്കരയും ഉപ്പും ചേർത്തു നൽകുക.

(ii) പ്രസവിച്ച് 8 മണിക്കൂറുകൾക്ക് ശേഷവും മറുപിള്ള വീണില്ല എങ്കിൽ 1.5 കി. ഗ്രാം വെണ്ടക്ക ഉപ്പും ശർക്കരയും ചേർത്തു നൽകുക.


(iii) 12 മണിക്കൂറുകൾക്ക് ശേഷവും മറുപിള്ള വീണില്ല എങ്കിൽ പുറത്തേക്ക് കാണപ്പെടുന്ന മറുപിള്ള ആരംഭ ഭാഗത്ത് കെട്ടിയ ശേഷം 2 ഇഞ്ച് താഴെ മുറിക്കുക. കെട്ട് താനേ ഉള്ളിലേക്ക് പോകും.

(iv) തൂങ്ങി നിൽക്കുന്ന മറുപിള്ള യാതൊരു കാരണവശാലും കൈ കൊണ്ടു വലിച്ചെടുക്കാൻ ശ്രമിക്കരുത്.

(v) 4 ആഴ്ചത്തേക്ക് ആഴ്ചയിൽ ഒന്ന് എന്ന കണക്കിൽ ഓരോ മുള്ളങ്കി ശർക്കരയും ഉപ്പും ചേർത്തു നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# ഗർഭപാത്രം/ഗുദം പുറത്തേക്ക് തള്ളൽ




കറ്റാർ വാഴയുടെ ദശ





മഞ്ഞൾ പൊടി



തൊട്ടാവാടി ഇല

**ചേരുവകൾ :**

കറ്റാർ വാഴയുടെ ദശ - ഒരു പോളയിൽ നിന്നും എടുത്തത്; മഞ്ഞൾപ്പൊടി- ഒരു നുള്ള്; തൊട്ടാവാടി ഇല- 2 കൈ പിടി.

**തയ്യാറാക്കേണ്ട വിധം :**

(i) കറ്റാർവാഴ പോളയിൽ നിന്നു ദശ മുഴുവനായും നീക്കുക.

(ii) വഴുവഴുപ്പു മാറും വരെ പലതവണ കഴുകുക.

(iii) ഒരു നുള്ള് മഞ്ഞൾപ്പൊടി ചേർത്തു തിളപ്പിച്ചു പകുതി അളവാക്കിയെടുക്കുക, ശേഷം തണുപ്പിക്കുക.

(iv) തൊട്ടാവാടി ഇല കുഴമ്പ് പരുവത്തിൽ അരച്ചെടുക്കുക.

**ചികിത്സാരീതി :**

(i) പുറത്തേക്ക് തള്ളി നിൽക്കുന്ന ഭാഗം വൃത്തിയാക്കുക.

(ii) തയ്യാറാക്കി വച്ചിരിക്കുന്ന കറ്റാർ വാഴ കുഴമ്പ് പുറത്തേക്ക് തള്ളി നിൽക്കുന്ന ഭാഗത്ത് തേച്ചു പിടിപ്പിക്കുക/തളിക്കുക.

(iii) കറ്റാർ വാഴ കുഴമ്പ് ഉണങ്ങിയ ശേഷം, തൊട്ടാവാടി ഇല അരച്ചത് തേയ്ക്കുക.

(iv) ഭേദപ്പെടും വരെ ഇത് രണ്ടും മാറി മാറി ആവർത്തിക്കുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വായ് പുണ്ണ് (കുളമ്പുരോഗം)


ജീരകം




കുരുമുളക്


വെളുത്തുള്ളി


ശർക്കര


മഞ്ഞൾ


ഉലുവ


നാളികേരം

**ചേരുവകൾ** (ഒരു നേരത്തേക്ക്):
ജീരകം - 10 ഗ്രാം; ഉലുവ - 10 ഗ്രാം; കുരുമുളക് - 10 ഗ്രാം; മഞ്ഞൾപൊടി - 10 ഗ്രാം; വെളുത്തുള്ളി - 4 അല്ലി; നാളികേരം-1 ചിരകിയത്; ശർക്കര- 120 ഗ്രാം.

**തയ്യാറാക്കേണ്ട വിധം :**

(i) ജീരകവും, ഉലുവയും, കുരുമുളകും 20-30 മിനിറ്റ് വെള്ളത്തിൽ കുതിർക്കുക.

(ii) ശേഷം എല്ലാ ചേരുവകളും കൂടെ കുഴമ്പ് രൂപത്തിൽ അരച്ചെടുക്കുക.

(iii) ഇതിലേക്ക് ഒരു നാളികേരം ചിരകിയത് ചേർക്കുക.

(iv) ഓരോ തവണയും ഈ മിശ്രിതം പുതുതായി ഉണ്ടാക്കുക.


**ചികിത്സാരീതി :**

(i) വായ്ക്കുള്ളിലും, നാവിലും, അണ്ണാക്കിലും തേച്ചു കൊടുക്കുക.

(ii) 3-5 ദിവസത്തേക്ക് ദിവസവും 3 നേരം നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വ്രണങ്ങൾ / മുറിവ്



കുപ്പമേനിയില





ആര്യവേപ്പില



വെളുത്തുള്ളി




മഞ്ഞൾ പൊടി





വെളിച്ചെണ്ണ / കടുകെണ്ണ



മൈലാഞ്ചി
യില



തുളസിയില



ആത്ത ഇല

**ചേരുവകൾ:**

കുപ്പമേനി ഇല - 1 കൈ പിടി; വെളുത്തുള്ളി -10 അല്ലി; ആര്യവേപ്പില - 1 കൈ പിടി; വെളിച്ചെണ്ണ അല്ലെങ്കിൽ കടുകെണ്ണ - 500 മി.ലി.; മഞ്ഞൾപൊടി - 20 ഗ്രാം; മൈലാഞ്ചി - 1 കൈ പിടി; തുളസി ഇല - 1 കൈ പിടി

**തയ്യാറാക്കേണ്ട വിധം:**

(i) ചേരുവകളെല്ലാം അരച്ചെടുക്കുക.

(ii) ഇതിലേക്ക് 500 മി.ലി. വെളിച്ചെണ്ണ അല്ലെങ്കിൽ കടുകെണ്ണ ചേർത്തു തിളപ്പിച്ച ശേഷം തണുപ്പിക്കുക.


**ചികിത്സാരീതി:**

(i) മുറിവു വൃത്തിയാക്കിയ ശേഷം മരുന്നു തേച്ചു പിടിപ്പിക്കുക അല്ലെങ്കിൽ തുണിയിൽ മരുന്ന്കൂട്ട് മുക്കി മുറിവിൽ കെട്ടി വയ്ക്കുക.

(ii) മുറിവിൽ പുഴുക്കൾ ഉണ്ടെങ്കിൽ ആദ്യ ദിവസം മാത്രം കർപ്പൂരം അലിയിച്ച വെളിച്ചെണ്ണയോ ആത്തയില അരച്ചതോ നല്ലവണ്ണം തേച്ചുപിടിപ്പിക്കുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# പനി




**ചേരുവകൾ** (ഒരു ദിവസത്തേക്ക്):

വെളുത്തുള്ളി - 2 അല്ലി; മല്ലി - 10 ഗ്രാം; ജീരകം - 10 ഗ്രാം; തുളസി - 1 കൈ പിടി; ഉണങ്ങിയ എടന/വഴന ഇല - 10 ഗ്രാം; കുരുമുളക് - 10 ഗ്രാം; വെറ്റില - 5 എണ്ണം; ചെറിയ ഉള്ളി - 2 എണ്ണം; മഞ്ഞൾപൊടി - 10 ഗ്രാം; കിരിയാത്ത് ഇല ഉണക്കി പൊടിച്ചത് - 20 ഗ്രാം; കർപ്പൂര തുളസി ഇല - 1 കൈ പിടി; ആര്യവേപ്പില - 1 കൈ പിടി; ശർക്കര - 100 ഗ്രാം.

**തയ്യാറാക്കേണ്ട വിധം:**

(i) 15 മിനിറ്റ് നേരം ജീരകം, കുരുമുളക്, മല്ലി എന്നിവ വെള്ളത്തിൽ കുതിർക്കുക.


(ii) എല്ലാ ചേരുവകളും ചേർത്ത് അരച്ചു കുഴമ്പ് പരുവത്തിലാക്കുക.

**ചികിത്സാരീതി:**

ചെറിയ ഭാഗങ്ങളാക്കി കാലത്തും വൈകുന്നേരവും നൽകുക.


വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വയറിളക്കം



ഉലുവ





കുരുമുളക്



സവാള



കസ്കസ്



ജീരകം



മഞ്ഞൾ പൊടി



വെളുത്തുള്ളി



കറിവേപ്പില



ശർക്കര



കായം

**ചേരുവകൾ** (ഒരു ദിവസത്തേക്ക്):

ഉലുവ - 10ഗ്രാം; സവാള - 1 എണ്ണം; വെളുത്തുള്ളി- 1 അല്ലി; ജീരകം- 10 ഗ്രാം; മഞ്ഞൾ പൊടി - 10 ഗ്രാം; കറിവേപ്പില - ഒരു കൈ പിടി; കസ് കസ് - 5 ഗ്രാം; കുരുമുളക് - 10 ഗ്രാം; ശർക്കര- 100 ഗ്രാം; കായം- 5 ഗ്രാം.

**തയ്യാറാക്കേണ്ട വിധം :**

(i) ജീരകവും, കായവും, കസ് കസും , ഉലുവയും നന്നായി പുക വരും വരെ വറുക്കുക.

(ii) വറുത്ത ചേരുവകൾ തണുപ്പിക്കുക.

(iii) മറ്റു ചേരുവകളും ചേർത്തു അരച്ച് കുഴമ്പ് രൂപത്തിലാക്കുക.

**ചികിത്സാരീതി :**

(i) തയ്യാറാക്കി വച്ചിരിക്കുന്ന മിശ്രിതം ചെറിയ ഉരുളകളാക്കുക.

(ii) ദിവസേന ഒരു നേരം എന്ന കണക്കിൽ 3 ദിവസത്തേക്ക് രോഗം മാറും വരെ നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വായുശല്യം/ദഹനക്കുറവ്




**ചേരുവകൾ** (ഒരു ദിവസത്തേക്ക്):

സവോള - 100 ഗ്രാം; വെളുത്തുള്ളി - 10 അല്ലി; വറ്റൽമുളക്- 2 എണ്ണം; ജീരകം- 10 ഗ്രാം; മഞ്ഞൾ പൊടി -10 ഗ്രാം; ശർക്കര- 100 ഗ്രാം; കുരുമുളക്- 10 ഗ്രാം; വെറ്റില- 10 എണ്ണം; ഇഞ്ചി- 100 ഗ്രാം.

**തയ്യാറാക്കേണ്ട വിധം :**

(i) കുരുമുളകും ജീരകവും അരമണിക്കൂർ വെള്ളത്തിൽ കുതിർക്കുക.

(ii) മറ്റു ചേരുവകളും കൂട്ടി ചേർത്തു കുഴമ്പ് പരുവത്തിൽ അരച്ചെടുക്കുക.

**ചികിത്സാരീതി :**

(i) അരച്ച മിശ്രിതം ചെറിയ ഉരുളകളാക്കുക.

(ii) ഈ ഉരുളകൾ ദിവസേന 3-4 നേരം ഉപ്പ് ചേർത്ത് 3 ദിവസത്തേക്ക് നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വിര




സവോള





കുരുമുളക്




വെളുത്തുള്ളി



മഞ്ഞൾ പൊടി



കടുക്




ആര്യവേപ്പില




ജീരകം




ശർക്കര



വാഴപ്പിണ്ടി



തുമ്പ ഇല



കയ്പക്കായ്/ പാവയ്ക്ക

**ചേരുവകൾ** (ഒരു ദിവസത്തേക്ക്):

ഉള്ളി - 1 എണ്ണം; വെളുത്തുള്ളി - 5 അല്ലി; കടുക് - 10 ഗ്രാം; ആര്യ വേപ്പില - 1 കൈ പിടി; ജീരകം - 10 ഗ്രാം; കയ്പക്കായ് / പാവയ്ക്ക-50 ഗ്രാം; മഞ്ഞൾ പൊടി - 5 ഗ്രാം; കുരുമുളക് - 5 ഗ്രാം; വാഴപ്പിണ്ടി-100 ഗ്രാം; തുമ്പ ഇല - 1 കൈ പിടി; ശർക്കര - 100 ഗ്രാം.

**തയ്യാറാക്കേണ്ട വിധം :**

(i) കുരുമുളകും, ജീരകവും, കടുകും അരമണിക്കൂർ വെള്ളത്തിൽ കുതിർക്കുക.

(ii) മറ്റു ചേരുവകളും കൂടെ ചേർത്ത് കുഴമ്പ് പരുവത്തിൽ അരച്ചെടുക്കുക.

**ചികിത്സാരീതി:**

(i) തയ്യാറാക്കി വച്ചിരിക്കുന്ന മിശ്രിതം ചെറിയ ഉരുളകളാക്കുക.

(ii) ഈ ഉരുളകൾ ഉപ്പു ചേർത്തു ദിവസേന ഒരു നേരം 3 ദിവസത്തേക്ക് നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# ചെള്ള് / പേൻ



വെളുത്തുള്ളി






മഞ്ഞൾ പൊടി



ആര്യവേപ്പില





വയമ്പ്



കൊങ്ങിണി ഇല



വേപ്പിൻ കായ്

തുളസി ഇല

**ചേരുവകൾ :**

വെളുത്തുള്ളി - 10 അല്ലി; ആര്യവേപ്പില - 1 കൈ പിടി; വേപ്പിൻ കായ് - 1 കൈ പിടി; വയമ്പ് - 10 ഗ്രാം; മഞ്ഞൾപൊടി - 20 ഗ്രാം; കൊങ്ങിണി ഇല - 1 കൈ പിടി; തുളസി - 1 കൈ പിടി.

**തയ്യാറാക്കേണ്ട വിധം:**

(i) എല്ലാ ചേരുവകളും ചേർത്ത് അരയ്ക്കുക.

(ii) ഇതിലേക്ക് 1 ലിറ്റർ വെള്ളം ചേർക്കുക.

(iii) അരിപ്പയോ/മസ്ലിൻ തുണിയോ ഉപയോഗിച്ചു അരിച്ചെടുക്കുക.

(iv) സ്പ്രെയർ ഉള്ള കുപ്പിയിലേയ്ക്കു ഇതു പകർത്തുക.

**ചികിത്സാരീതി:**

(i) ഉരുക്കളുടെ ദേഹമാസകലം തളിക്കുക/സ്പ്രേ ചെയ്യുക.

(ii) തൊഴുത്തിന്റെ എല്ലാ ഭാഗത്തും തളിക്കുക.

(iii) ഈ കൂട്ടിൽ മുക്കി എടുത്ത തുണി കൊണ്ടു ഉരുക്കളുടെ ശരീരം തുടച്ചാലും മതിയാകും.

(iv) ചെള്ള് /പേൻ വിട്ടുമാറും വരെ ആഴ്ച്ചയിലൊരിക്കൽ ഇതു പ്രയോഗിക്കാം.

(v) നല്ല വെയിൽ ഉള്ള സമയത്തു മാത്രം ഇത് പ്രയോഗിക്കുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# വസൂരി / അരിമ്പാറ / വിണ്ടുകീറൽ



വെളുത്തുള്ളി





വെണ്ണ




മഞ്ഞൾ
പൊടി



ആര്യവേപ്പില



ജീരകം



കർപ്പൂരത്തുളസിയില

**ചേരുവകൾ :**

വെളുത്തുള്ളി - 5 അല്ലി; മഞ്ഞൾ പൊടി - 10 ഗ്രാം; ജീരകം- 15 ഗ്രാം; കർപ്പൂര തുളസി ഇല - ഒരു കൈ പിടി; ആര്യ വേപ്പില - ഒരു കൈ പിടി; വെണ്ണ (ഉത്തമം) അല്ലെങ്കിൽ നെയ്യ്- 50 ഗ്രാം.

**തയ്യാറാക്കേണ്ട വിധം :**

(i) ജീരകം 15 മിനിറ്റ് നേരം വെള്ളത്തിൽ കുതിർത്തു വയ്ക്കുക.

(ii) ശേഷം എല്ലാ ചേരുവകളും കൂടെ കുഴമ്പ് രൂപത്തിൽ അരച്ചെടുക്കുക.

(iii) വെണ്ണ ചേർത്ത് നന്നായി ഇളക്കുക.

**ചികിത്സാരീതി :**

(i) ഈ മിശ്രിതം കഴിയുന്നത്ര തവണ രോഗലക്ഷണം ഉള്ള ഭാഗങ്ങളിൽ രോഗ ലക്ഷണങ്ങൾ മാറും വരെ പുരട്ടുക.

(ii) ഇതു ചർമ്മം ഉണങ്ങിയ ശേഷം മാത്രം തേയ്ക്കുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# അലർജി / വിഷബാധ





വെറ്റില



കല്ലുപ്പ് /ഉപ്പ്



കുരുമുളക്



ശർക്കര

**ചേരുവകൾ** (ഒരു നേരത്തേക്ക്):
(തമിഴ് പരമ്പരാഗത സിദ്ധ വൈദ്യത്തിൽ "ത്രിരാജാക്കൻമാർ" എന്ന് അറിയപ്പെടുന്നു)
വെറ്റില - 10 എണ്ണം; കുരുമുളക് - 10ഗ്രാം; കല്ലുപ്പ്/ഉപ്പ് - 10 ഗ്രാം ശർക്കര - ആവശ്യത്തിന്

**തയ്യാറാക്കേണ്ട വിധം :**
(i) ചേരുവകളെല്ലാം അരച്ചെടുക്കുക. (ii) ശർക്കര ചേർക്കുക

**ചികിത്സാരീതി :**
(i) ചെറിയ ഭാഗങ്ങളായി ഉള്ളിൽ കൊടുക്കുക. (ii) ദിവസേന മൂന്ന് നേരം നൽകുക. (iii) ഗുരുതരാവസ്ഥയിൽ ഈ മിശ്രിതത്തിന്റെ നീര് (ശർക്കര ഇല്ലാതെ) രണ്ടോ മൂന്നോ തുള്ളികൾ കണ്ണിൽ ഓരോ മണിക്കൂറിലും ഇറ്റിക്കാം.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# ചുമ



ആടലോടകം





കുരുമുളക്



തുളസി
യില



വെളുത്തുള്ളി



മഞ്ഞൾ
പൊടി



ശർക്കര

**ചേരുവകൾ** (ഒരു ദിവസത്തേക്ക്):

ആടലോടകം - ഒരു ഇല; തുളസിയില - 1 കൈ പിടി; വെളുത്തുള്ളി - 5 അല്ലി; മഞ്ഞൾ - 10 ഗ്രാം; കുരുമുളക് - 10 ഗ്രാം

**തയ്യാറാക്കേണ്ട വിധം :**

(i) കുരുമുളക് 15-20 മിനിറ്റ് വെള്ളത്തിൽ കുതിർത്ത് തനിയെ അരച്ചെടുക്കുക.

(ii) എല്ലാ ചേരുവകളും ശർക്കര ചേർത്ത് അരച്ചു കുഴമ്പ് പരുവത്തിലാക്കുക.

**ചികിത്സാരീതി :**

അസുഖം ഭേദമാകും വരെ ദിവസേന രണ്ടോ മൂന്നോ നേരം ഉള്ളിൽ കൊടുക്കുക.

വിശദ വിവരങ്ങൾക്കായി ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# സന്ധിനീര്



കറ്റാർവാഴ






വെളുത്തുള്ളി



ചുണ്ണാമ്പ്



ചങ്ങലംപെരണ്ട



നല്ലെണ്ണ



മഞ്ഞൾ പൊടി

**ചേരുവകൾ :**

കറ്റാർവാഴ - 100 ഗ്രാം; ചുണ്ണാമ്പ് - 10 ഗ്രാം; ചങ്ങലംപെരണ്ട - 100 ഗ്രാം; മഞ്ഞൾ പൊടി - 15 ഗ്രാം; വെളുത്തുള്ളി - 5 അല്ലി നല്ലെണ്ണ - 1 ലിറ്റർ

**തയ്യാറാക്കേണ്ട വിധം :**

(i) ചേരുവകളെല്ലാം അരച്ചെടുക്കുക. (ii) ഈ മിശ്രിതം നല്ലെണ്ണയിൽ തിളപ്പിച്ച് തണുപ്പിക്കുക.

**ചികിത്സാരീതി :**

(i) നീര് ബാധിച്ച സന്ധികളിൽ ദിവസേന 4 - 5 തവണ പുരട്ടുക (ii) ദിവസേന രണ്ട് നേരം ചൂടുവെള്ളം കൊണ്ട് ആവി പിടിക്കുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# കീടനാശിനി /സയനൈഡ് /പൂപ്പൽ വിഷബാധ


വെറ്റില




മുരിങ്ങയില


കുരുമുളക്


പുളി


കല്ലുപ്പ് /ഉപ്പ്


ശർക്കര

**ചേരുവകൾ :**

**ത്രിരാജാക്കൻമാർ (ഒരു നേരത്തേക്ക്):**

വെറ്റില- 10 എണ്ണം; കുരുമുളക്- 10 ഗ്രാം; കല്ലുപ്പ്/ഉപ്പ് -10 ഗ്രാം; ശർക്കര - ആവശ്യത്തിന്

**മറ്റു ചേരുവകൾ (ഒരു ദിവസത്തേക്ക്):**

പുളി - 1 കിലോ ; വെള്ളം - 1 ലിറ്റർ ; ഒരു കിലോ മുരിങ്ങയിലയുടെ നീര്

**തയ്യാറാക്കേണ്ട വിധം :**

**1. "ത്രിരാജാക്കൻമാർ" തയ്യാറാക്കുന്നത്:**

(i) വെറ്റില, കുരുമുളക്, ഉപ്പ് ഇവ അരച്ചെടുക്കുക.

(ii) ശർക്കര ചേർക്കുക.

**2. മറ്റ് ചേരുവകൾ തയ്യാറാക്കുന്ന വിധം:**

(i) പുളി 15 മിനിറ്റ് നേരം വെള്ളത്തിൽ കുതിർക്കുക.

(ii) കുതിർന്ന പുളിയിൽ നിന്ന് നീര് പിഴിഞ്ഞെടുക്കുക.

(iii) വെള്ളവും മുരിങ്ങയില നീരും ശർക്കരയും നല്ലവണ്ണം കൂട്ടിച്ചേർത്ത് മിശ്രിതമാക്കുക.

**ചികിത്സാരീതി :**

(i) ആദ്യം "ത്രിരാജാക്കൻമാർ" ഒരു ഡോസ് ഉള്ളിൽ കൊടുക്കുക.

(ii) 200 മി.ലി. പുളി- മുരിങ്ങയില നീര്-ശർക്കര മിശ്രിതം എല്ലാ രണ്ട് മണിക്കൂർ ഇടവിട്ട് ഉള്ളിൽ കൊടുക്കുക.

(iii)"ത്രിരാജാക്കൻമാരുടെ" ഡോസുകൾ ഇതിന്റെ ഇടക്ക് കൊടുക്കുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# ക്ഷീര സന്നി (പ്രസവം കഴിഞ്ഞ ഉടൻ എഴുന്നേൽക്കാൻ പറ്റാതെ വരുക)



നാടൻകോഴി
മുട്ട





ചങ്ങലം
പെരണ്ട



മുരിങ്ങയില



ശർക്കര

**ചേരുവകൾ** (ഒരു നേരത്തേക്ക്):
നാടൻകോഴി മുട്ട - 2; മുരിങ്ങയില - 4 കൈ പിടി; ചങ്ങലം പെരണ്ട തണ്ട് - 4 കൈ പിടി; ശർക്കര - ആവശ്യത്തിന്

**തയ്യാറാക്കേണ്ട വിധം :**


(i) പച്ച നാടൻകോഴി മുട്ട എടുക്കുക (ii) മുരിങ്ങയിലയും ചങ്ങലംപെരണ്ട തണ്ടും വെവ്വേറെ അരച്ച് ശർക്കരയിൽ ചേർത്ത് വയ്ക്കുക.

**ചികിത്സാരീതി :**

(i) രണ്ടു നാടൻകോഴി മുട്ട (പച്ചക്ക് തോടുൾപ്പടെ - കൊടുക്കുന്നതിനു മുൻപ് മുട്ടത്തോടിൽ ചെറിയ ദ്വാരം ഉണ്ടാക്കുക) ദിവസേന മൂന്ന് നേരം ഉള്ളിൽ കൊടുക്കുക. (ii) മുരിങ്ങയിലയും ചങ്ങലംപെരണ്ട തണ്ടും (അരച്ച് ശർക്കരയിൽ ചേർത്തു വെച്ചത്) മാറി മാറി രണ്ട് മണിക്കൂർ ഇടവിട്ടു ഉള്ളിൽ കൊടുക്കുക. (iii) ഉരുവിനെ നാല് ദിവസം വരെ എഴുന്നേല്പിക്കാൻ ശ്രമിക്കരുത്.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# പാലിൽ രക്തം കാണുക



കറിവേപ്പില





ശർക്കര



മുരിങ്ങയില



നാരങ്ങ

**ചേരുവകൾ** (ഒരു ദിവസത്തേക്ക്):
കറിവേപ്പില - 2 കൈ പിടി; മുരിങ്ങയില- 2 കൈ പിടി; ശർക്കര - 100 ഗ്രാം നാരങ്ങ - 6 എണ്ണം.

**തയ്യാറാക്കേണ്ട വിധം :**

(i) കറിവേപ്പിലയും മുരിങ്ങയിലയും ശർക്കരയും കൂട്ടി കുഴമ്പ് രൂപത്തിലേക്കു അരച്ചു എടുക്കുക. (ii) നാരങ്ങ രണ്ടായി മുറിക്കുക

**ചികിത്സാരീതി :**

(i) ദിവസേന രണ്ടു നേരം ഭേദപ്പെടും വരെ ഈ മിശ്രിതം നൽകുക. (ii) രണ്ട് നാരങ്ങ വീതം 3 നേരം 3 ദിവസം നൽകുക.

കുറിപ്പ്: ഈ ചികിത്സ പ്രയോഗിക്കും മുമ്പേ അകിടുവീക്കം ഇല്ല എന്ന് ഉറപ്പുവരുത്തണം.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.

# മദി കാണിക്കാതിരിക്കുക




**ചികിത്സാരീതി:**

ദിവസേന 2 നേരം ഉപ്പും ശർക്കരയും ചേർത്തു താഴെ കൊടുത്തിരിക്കുന്ന ക്രമത്തിൽ നൽകുക (i) ഓരോ വെള്ള മുള്ളങ്കി ദിവസേന 2 നേരം 5 ദിവസത്തേക്ക്. (ii) ശേഷം ഓരോ കറ്റാർവാഴ പോള ദിവസേന 2 നേരം 4 ദിവസത്തേക്ക്.(iii) ശേഷം 4 കൈ പിടി മുരിങ്ങയില ദിവസേന 2 നേരം 4 ദിവസത്തേക്ക്. (iv) ശേഷം 4 കൈ പിടി ചങ്ങലംപെരണ്ട തണ്ട് ദിവസേന 2 നേരം 4 ദിവസത്തേക്ക്.(v) ശേഷം 4 കൈ പിടി കറിവേപ്പില (5 ഗ്രാം മഞ്ഞൾ ചേർത്ത്) ദിവസേന 2 നേരം 4 ദിവസത്തേക്ക്.

കുറിപ്പ്: ഈ ചികിത്സ ആരംഭിക്കുന്നതിന് 15 ദിവസം മുമ്പേ ഉരുവിന് വിര മരുന്ന് നൽകുക.

വിശദ വിവരങ്ങൾക്കായി ഈ ക്യു ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.



പ്രൊഫ. എൻ. പുണ്യമൂർത്തിയുടെ സാങ്കേതിക വിജ്ഞാനം ഉപയോഗിച്ച് തയ്യാറാക്കിയത് (profpunniya@gmail.com)
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: anand@nddb.coop


**ദേശീയ ക്ഷീര വികസന ബോർഡ്, ആനന്ദ്**

**ഫോൺ**: 02692-260148, 260149 • **ഫാക്സ്**: 02692-260157

വെബ്സൈറ്റ്: www.nddb.coop

*facebook.com/NationalDairyDevelopmentBoard*


April, 2022

ഈ കൈപ്പുസ്തകത്തില്സൂചിപ്പിച്ചിരിക്കുന്ന സസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, മറ്റ് ചേരുവകളുടെ ഉപയോഗം സാധാരണ നിലയില്സുരക്ഷിതമാണ്. ഈ ചികിത്സാരീതി ഒരു നിർദ്ദേശം മാത്രം ആണ്.ശരിയായ രോഗനിർണയത്തിനും പരിചരണത്തിനും അടുത്തുള്ള വെറ്റിനറി ഡോക്ടറെ സമീപ്പിക്കുക.